റവന്യൂ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്):

(എ) ചില പരാതിക്കും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇപ്രകാരമുള്ള അപാകതകൾ സംഭവിച്ചാൽ പരിഹരിക്കുന്നതിന് ഇപ്പോൾതന്നെ നിയമമുണ്ട്. അത്തരം പരാതികളിൽ തീർപ്പു കൽപ്പിക്കുവാൻ സർവ്വേ സൂപ്രണ്ടുമാരേയും അസിസ്റ്റന്റ് ഡയറക്ടർമാരേയും നിയമിച്ചിട്ടുണ്ട്. കേരള സർവ്വെ അതിരടയാള നിയമ 9-ാ വകുപ്പു പ്രകാരം ഉള്ള നോട്ടീസ് പ്രസിദ്ധപ്പെടുത്തിയാൽ അപ്പീൽ നൽകി പരിഹാരം കാണാൻ അവസരം നൽകുന്നുണ്ട്.

കായിക പ്രതിഭകൾക്കു പരിശീലനം

* 231 [368] ശ്രീ. വി. ജെ. തങ്കപ്പൻ: താഴെ കാണുന്ന ചോദ്യത്തിന് വന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കായിക പ്രതിഭകളെ ചെറുപ്പത്തിലേ കണ്ടുപിടിക്കുന്നതിനും അവർക്കു പോഷകാഹാരവും പരിശീലനവും നൽകി വളർത്തുന്നതിനും ഒരു പരിപാടി ആവിഷ്കരിച്ചു നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ?

വനം വകുപ്പുമന്ത്രി (ശ്രീ. കെ. പി. നൂറുദ്ദീൻ):

കായികപ്രതിഭകളെ ചെറുപ്പത്തിലേ കണ്ടുപിടിച്ച് അവർക്ക് പോഷകാഹാരവും പരിശീലനവും നൽകുക എന്നുള്ള ഉദ്ദേശത്തോടുകൂടിയാണ സ സ്ഥാനത്ത ഒരു സ പോർട്സ സ കൂളും, സ പോർട്സ് ഡിവിഷനുകളും, സ പോർട്സ് ഹോസ്റ്റലുകളും സ്ഥാപിച്ചു പ്രവർത്തിച്ചുവരുന്നത്.

ബഫർ സോണുകൾ

* 232 [369] ശ്രീ. കെ. ഇ. ഇസ്മയിൽ:
,, കാന. രാജേന്ദ്രൻ:
,, പി. കുമാരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വന്യജീവി സങ്കേതങ്ങൾക്കും പാർക്കുകൾക്കും ജനാധിവാസമുള്ള സ്ഥലങ്ങൾക്കും ഇടയിലായി ബഫർ സോണുകൾ ഏർപ്പെടുത്തിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അവ ഓരോന്നും സ്ഥിതിചെയ്യുന്ന സ്ഥലങ്ങൾ ഏതെല്ലാം;

(സി) അവയുടെ വിസ്തീർണ്ണം എത്ര;

(ഡി) ബഫർ സോണുകൾ കൊണ്ടുദ്ദേശിക്കുന്നതെന്താണ്;

(ഇ) അവയെ പാർക്കുകളോടും വന്യജീവിസങ്കേതങ്ങളോടും കൂട്ടി ചേർക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ?

വനംവകുപ്പുമന്ത്രി (ശ്രീ. കെ. പി. നൂറുദ്ദീൻ):

(എ) ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly

(ബി, സി) ഉദിക്കുന്നില്ല.

(ഡി) വന്യജീവി സങ്കേതങ്ങളിലും പാർക്കുകളിലുമുള്ള ''കോർസോൺ'' അഥവാ അഭയാരണ്യങ്ങൾക്കു ചുറ്റുമാണ് ബഫർ സോണുകൾ ഉള്ളത്. 'കോർസോണി'ലുള്ള സസ്യ-ജന്തു വർഗ്ഗങ്ങളുടെ സംരക്ഷണം ഉറപ്പു വരുത്തുക എന്നതാണ് ബഫർ സോണുകൾകൊണ്ട് ഉദ്ദേശിക്കുന്നത്.

(ഇ) ബഫർസോണുകൾ വന്യജീവി സങ്കേതത്തിന്റേയും പാർക്കുകളുടേയും ഭാഗം തന്നെയാണ്.

(iii) നക്ഷത്രചിഹ്നമിടാത്ത ചോദ്യോത്തരങ്ങൾ

വിഴിഞ്ഞം കേന്ദ്രമാക്കി താലൂക്ക് രൂപീകരണം

816 [1785] ശ്രീ. എൻ. ശക്തൻ നാടാർ: താഴെ കാണുന്ന ചോദ്യത്തിന് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോവളം ടൂറിസ്റ്റ് കേന്ദ്രവും വിഴിഞ്ഞം ഫിഷിംഗ് ഹാർബറും ഉൾപ്പെടുന്ന വിഴിഞ്ഞം കേന്ദ്രമാക്കി ഒരു പുതിയ താലൂക്ക് രൂപീകരിക്കുമോ?

ഉത്തരം

സംസ്ഥാനത്തെ താലൂക്കുകൾ പൊതുവായി പുനഃസംഘടിപ്പിക്കുമ്പോൾ ഈ ആവശ്യവും പരിശോധിക്കാവുന്നതാണ്.

കുണ്ടറയിൽ പി. ഡബ്ലിയു. ഡി. റസ്റ്റ്ഹൗസ് നിർമ്മിക്കാനാവശ്യമായ സ്ഥലം

817 [1787] ശ്രീ. തോപ്പിൽ രവി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുണ്ടറയിൽ ഒരു പി. ഡബ്ലിയു. ഡി. റസ്റ്റ് ഹൗസ് നിർമ്മിക്കുന്നതിനായി അലിൻറിനു തൊട്ടുള്ള ഇന്നാമൽ ഫാക്ടറി കോമ്പൗണ്ടിൽനിന്നും 50 സെന്റ് സ്ഥലം അനുവദിക്കണമെന്ന് ഗവൺമെൻറിന് നിവേദനം ലഭിച്ചിട്ടുണ്ടോ;

(ബി) ഇതിൻമേൽ എന്തു നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇതിൽ ജില്ലാകളക്ടറുടെ റിപ്പോർട്ട് ആവശ്യപ്പെട്ടിരിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly